# കേരള സർക്കാർ
# പൊതുവിദ്യാഭ്യാസ വകുപ്പ്

# എ.എച്ച്.എസ്.എൽ.സി. പരീക്ഷ
# 2026

# വിജ്ഞാപനം

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം –12

ഇ.എക്സ്/സി.ജനറൽ (4)/45400/2025/സി.ജി.ഇ

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം-12.**
**തീയതി : 29/10/2025**

# വിജ്ഞാപനം

വിഷയം: പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - ആർട്ട് ഹൈസ്കൂൾ ലീവിങ് സർട്ടിഫിക്കറ്റ് (AHSLC) പരീക്ഷ - മാർച്ച് 2026- സംബന്ധിച്ച്.

സൂചന:
1. സ.ഉ(കൈ)നം. 177/2023/GEDN. തീയതി. 16.11.2023.
2. സ.ഉ(സാധാ)നം. 4932/2024/GEDN. തീയതി: 08.08.2024.

.........

2025-26 അധ്യയന വർഷത്തെ ആർട്ട് ഹൈസ്ക്കൂൾ ലീവിങ് സർട്ടിഫിക്കറ്റ് പരീക്ഷ **05/03/2026 വ്യാഴാഴ്ച ആരംഭിച്ച് 30/03/2026 തിങ്കളാഴ്ച** അവസാനിക്കുന്നതാണ്. പരീക്ഷയുടെ സമയവിവരപ്പട്ടിക ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2021 മാർച്ചിന് മുമ്പ് പരീക്ഷ എഴുതി പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം തുല്യതാ പരീക്ഷ എഴുതി തുടർ പഠനത്തിന് അർഹത നേടാവുന്നതാണ്.

പരിഷ്കരിച്ച പാഠ്യക്രമം അനുസരിച്ച് നിരന്തര മൂല്യനിർണ്ണയം മുഖേന 9 പോയിന്റ് ഗ്രേഡിംഗ് സ്കെയിലിൽ ആണ് പരീക്ഷ നടത്തുന്നത്. 'എ' വിഭാഗത്തിൽ 7 വിഷയങ്ങൾക്കുള്ള എഴുത്തു പരീക്ഷയും, 'ബി' വിഭാഗത്തിൽ പ്രാക്ടിക്കൽ ഉൾപ്പെടെ 5 പേപ്പറുകളും ക്രമീകരിച്ചിരിക്കുന്നു. ഇൻഫർമേഷൻ ടെക്നോളജി തിയറി പരീക്ഷ എഴുത്തുപരീക്ഷയിൽ നിന്നും മാറ്റി പ്രാക്ടിക്കൽ പരീക്ഷയോടൊപ്പം കമ്പ്യൂട്ടറിലാണ് നടത്തപ്പെടുന്നത്. പരീക്ഷയുടെ വിഷയങ്ങൾ, സ്കോർ എന്നിവ താഴെ കാണും പ്രകാരമായിരിക്കും.

| ക്രമ നമ്പർ | വിഷയങ്ങൾ | സ്കോർ | | | |
|---|---|---|---|---|---|
| | | സി.ഇ | റ്റി.ഇ. | പ്രാക്ടിക്കൽ പരീക്ഷ | ആകെ |
| വിഭാഗം എ | | | | | |
| 1 | മലയാളം | 10 | 50 | | 60 |
| 2 | സംസ്കൃതം | 10 | 50 | | 60 |
| 3 | ഹിന്ദി | 10 | 50 | | 60 |
| 4 | ഇംഗ്ലീഷ് | 10 | 50 | | 60 |
| 5 | ജനറൽ സയൻസ് | 10 | 50 | | 60 |
| 6 | ഹ്യുമാനിറ്റീസ് | 10 | 50 | | 60 |
| 7 | ഗണിതശാസ്ത്രം | 10 | 50 | | 60 |
| വിഭാഗം ബി | | | | | |
| 8 | ഇൻഫർമേഷൻ ടെക്നോളജി | 10 | 10 | 30 | 50 |
| 9 | പ്രാക്ടിക്കൽ | | | 150 | 150 |

| | | | | | |
|---|---|---|---|---|---|
| 10 | അരങ്ങിലെ അവതരണം (സ്റ്റേജ് പെർഫോമൻസ്) | | | 50 | 50 |
| 11 | തിയറി | 10 | 50 | | 60 |
| 12 | ലിറ്ററേച്ചർ | 10 | 50 | | 60 |

## പരീക്ഷാകേന്ദ്രം

കേരള കലാമണ്ഡലം ആർട്ട് എച്ച്.എസ്. ചെറുതുരുത്തി, വള്ളത്തോൾ നഗർ, തൃശ്ശൂർ– 678 531.

കേരള കലാമണ്ഡലം ആർട്ട് എച്ച്. എസ്. ചെറുതുരുത്തി സ്ക്കൂളിലെ പ്രിൻസിപ്പൽ പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുള്ള ചീഫ് സൂപ്രണ്ടായിരിക്കും.

## പ്രൈവറ്റ് വിഭാഗം വിദ്യാർത്ഥികൾക്കുള്ള ഐ.റ്റി. പരീക്ഷ

1. 2020–21 മുതൽ 2024–2025 വരെ പൊതു പരീക്ഷയിൽ പങ്കെടുത്തെങ്കിലും ഐ.ടി.-ക്ക് ഉപരിപഠനത്തിന് യോഗ്യത നേടാത്ത വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്. ഇവരും കഴിഞ്ഞ വർഷം നിലവിലുണ്ടായിരുന്ന രീതിയിലാണ് ഐ.ടി പരീക്ഷ എഴുതേണ്ടത്.
2. ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് ഐ.ടി. നിരന്തര മൂല്യനിർണ്ണയത്തിന് ആദ്യം ലഭിച്ച സ്കോർ തന്നെ നിലനിർത്തുന്നതായിരിക്കും.

## 1. പരീക്ഷാർത്ഥികൾ ഉൾപ്പെടുന്ന വിഭാഗങ്ങൾ

### i) റഗുലർ കാൻഡിഡേറ്റ്സ്

2025–26 അദ്ധ്യയന വർഷം പത്താംതരം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് റഗുലർ കാൻഡിഡേറ്റ്സ് ആയി പരീക്ഷ എഴുതാവുന്നതാണ്. ഇവർ പത്താം ക്ലാസ്സിലെ പാഠ്യ പദ്ധതിയനുസരിച്ച് (ഗ്രേഡിംഗ് സമ്പ്രദായത്തിൽ) ഓരോ വിഷയത്തിനും തുടർ മൂല്യനിർണ്ണയത്തിന് വിധേയരാകേണ്ടതാണ്.

### ii) പ്രൈവറ്റ് കാൻഡിഡേറ്റ്സ് ഓൾഡ് സ്കീം (PCO)

2020–21 മുതൽ 2024–25 മാർച്ച് വരെ ഗ്രേഡിംഗ് സമ്പ്രദായത്തിൽ പത്താംതരം പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത ലഭിക്കാതെപോയ പരീക്ഷാർത്ഥികൾക്ക്, യോഗ്യത നേടാത്ത വിഷയങ്ങൾക്ക് പ്രൈവറ്റ് കാൻഡിഡേറ്റ്സ് ഓൾഡ് സ്കീം വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്. ഇവർ യോഗ്യത നേടാത്ത മുഴുവൻ വിഷയങ്ങൾക്കും അപേക്ഷിക്കേണ്ടതാണ്.

### iii) പ്രൈവറ്റ് കാൻഡിഡേറ്റ്സ് ന്യൂ സ്കീം (PCN)

- ***2025–26 അധ്യയന വർഷം പുതിയ സിലബസ് നിലവിൽ വന്നതിനാൽ 2026 മാർച്ചിൽ പി.സി.എൻ. വിഭാഗം ഉണ്ടായിരിക്കുന്നതല്ല.***

**പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികൾ (PCO) നിശ്ചിതമാതൃകയിലുള്ള അപേക്ഷയും (അനുബന്ധം എ), പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റും (അനുബന്ധം എ1) മുൻ അവസരങ്ങളിലെ ഒറിജിനൽ എ.എച്ച്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളും പരീക്ഷാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.**

### iv) അറ്റൻഡൻസ് റീക്യൂപ്പ്ഡ് കാൻഡിഡേറ്റ്സ് (ARC)

2024-25 അധ്യയന വർഷം എ.എച്ച്.എസ്.എൽ.സി പരീക്ഷയ്ക്കായി തയ്യാറാക്കിയ 'എ' ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നെങ്കിലും ഹാജർ കുറവായതുമൂലം പരീക്ഷ എഴുതാൻ കഴിയാതെ പോവുകയും ഈ അധ്യയനവർഷം ആ സ്കൂളിൽ പുനഃപ്രവേശനം നേടുകയും ചെയ്തവർക്ക് അറ്റൻഡൻസ് റീക്യൂപ്പ്ഡ് കാൻഡിഡേറ്റ്സ് (ARC) വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്. ***ARC വിഭാഗം വിദ്യാർത്ഥികൾ 2025-26 വർഷത്തിലുള്ള പുതിയ സ്കീമിലാണ് പരീക്ഷയെഴു തേണ്ടത്.***

### V) കാൻഡിഡേച്ചർ കാൻസൽഡ് കാൻഡിഡേറ്റ്സ് (CCC)

2024-2025 അധ്യയന വർഷം എസ്.എസ്.എൽ.സി പരീക്ഷയ്ക്കായി തയ്യാറാക്കിയ 'എ ലിസ്റ്റിൽ" ഉൾപ്പെട്ട് പരീക്ഷ എഴുതുന്നതിന് മതിയായ ഹാജർ നേടിയിരുന്നെങ്കിലും അസുഖം മൂലമോ സാധുവായ മറ്റ് കാരണത്താലോ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ടി വന്ന വിദ്യാർത്ഥികൾക്ക് ഈ വർഷം അതേ സ്കൂളിൽ 'കാൻഡിഡേച്ചർ കാൻസൽഡ് കാൻഡി ഡേറ്റ്സ് (CCC) എന്ന വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്. ഇവരും നിലവിലുള്ള രീതിയിലാണ് ഐ.റ്റി പരീക്ഷ എഴുതേണ്ടത്. **CCC വിഭാഗം വിദ്യാർത്ഥികൾ 2024-25 വർഷം നിലവിലുണ്ടായിരുന്ന പഴയ സ്കീമിലാണ് പരീക്ഷ എഴുതേണ്ടത്.**

### vi) ബറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് (BT)

എ.എച്ച്.എസ്.എൽ.സി പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടിയവർക്ക് പരീക്ഷാഫലം മെച്ചപ്പെടുത്തുവാൻ ബറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് വിഭാഗത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

1) അവസാന അവസരമായി പരീക്ഷ വിജയിച്ച് മൂന്നു വർഷത്തിനകം ഫലം മെച്ചപ്പെടു ത്തുന്നതിനായി പരീക്ഷ എഴുതേണ്ടതാണ്.
2) ഈ കാലയളവിൽ മറ്റൊരു ഉയർന്ന യോഗ്യതയും നേടിയിരിക്കാൻ പാടുള്ളതല്ല.
3) ഫുൾ കോഴ്സായി എല്ലാ വിഷയങ്ങൾക്കും പരീക്ഷ എഴുതേണ്ടതാണ്.
4) ഫലം മെച്ചപ്പെടുത്തുന്നതിനായി ഒരവസരം മാത്രമേ അനുവദിക്കുകയുള്ളൂ.

**പ്രത്യേക ശ്രദ്ധയ്ക്ക്- ARC വിഭാഗം വിദ്യാർത്ഥികൾ 2025-26 അധ്യയന വർഷം നിലവിൽ വന്ന പുതിയ സിലബസിലാണ് പരീക്ഷയെഴുതേണ്ടത്.**

***അഡീഷണൽ ഇംഗ്ലീഷ്, സ്പെഷ്യൽ ഇംഗ്ലീഷ്, ജനറൽ നോളഡ്ജ് എന്നീ വിഷയങ്ങൾക്ക് കഴിഞ്ഞ വർഷം നിലവിലുണ്ടായിരുന്ന സിലബസിലാണ് പരീക്ഷ എഴുതേണ്ടത്.***

## 2. ഐ.റ്റി. പരീക്ഷയെ സംബന്ധിച്ച വിശദാംശങ്ങൾ

ജി.ഒ.(ആർ.റ്റി) നം. 4610/2012/പൊ.വി.വ.തീയതി. 28/09/2012 അനുസരിച്ച് എ.എച്ച്.എസ്.എൽ.സി ഐ.റ്റി. വിഷയത്തിന്റെ സ്കോർ പരമാവധി 50 ആയി നിജപ്പെ ടുത്തിയിട്ടുണ്ട്. ഇതിൽ 40 സ്കോർ പൊതു പരീക്ഷയ്ക്കും 10 സ്കോർ നിരന്തര മൂല്യ നിർണ്ണയത്തിനുമാണ്. പൊതു പരീക്ഷയുടെ 40 സ്കോറിൽ 10 സ്കോർ തിയറി പരീ ക്ഷയ്ക്കും 30 സ്കോർ പ്രായോഗിക പരീക്ഷയ്ക്കുമാണ്. തിയറി പരീക്ഷ പ്രാക്ടിക്കൽ പരീ ക്ഷയോടൊപ്പം നടത്തുന്നതാണ്.

**i) ഐ.റ്റി. പരീക്ഷയെ സംബന്ധിക്കുന്ന പൊതു നിർദ്ദേശങ്ങൾ**

1. 2026 മാർച്ചിലെ എ.എച്ച്.എസ്.എൽ.സി – ഐ.ടി. പ്രായോഗിക പരീക്ഷ സ്വതന്ത്ര സോഫ്റ്റ് വെയറിൽ മാത്രമാണ് നടത്തുന്നത്.
2. ഐ.റ്റി. തിയറി പരീക്ഷ, പ്രായോഗിക പരീക്ഷയോടൊപ്പം തന്നെ നടത്തുന്നതാണ്.
3. തിയറി പരീക്ഷയുടെ മൂല്യനിർണ്ണയം സോഫ്റ്റ്വെയർ ഉപയോഗിച്ചും പ്രാക്ടിക്കൽ പരീക്ഷ
   യുടെ മൂല്യനിർണ്ണയം നിലവിലുള്ളതുപോലെ ഇൻവിജിലേറ്റർമാർ നടത്തുന്നതാണ്.

## 3. പ്രായോഗിക പരീക്ഷ

### (a) ഇൻഫർമേഷൻ ടെക്നോളജി

1. ഐ.റ്റി പ്രായോഗിക പരീക്ഷയ്ക്ക് ആകെ 30 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 28 സ്കോർ ഐ.ടി. ശേഷികൾ പരിശോധിക്കുന്നതിനും, 2 സ്കോർ ഐ.റ്റി പ്രാക്ടിക്കൽ വർക്ക് ബുക്കിന് വേണ്ടിയും നീക്കിവെച്ചിരിക്കുന്നു. സോഫ്റ്റ്വെയറിന്റെ സഹായത്തോടെ നടത്തുന്ന 28 സ്കോറിനുള്ള പരീക്ഷയുടെ ഉത്തരങ്ങൾ ഇൻവിജിലേറ്റർമാരായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർ തന്നെയായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്. അദ്ധ്യാപകരുടെ മൂല്യനിർണ്ണയത്തിൽ ലഭിച്ച സ്കോറും, പ്രാക്ടിക്കൽ വർക്ക്ഷീറ്റിന് ലഭിച്ച സ്കോറും രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം സോഫ്റ്റ്വെയറിൽ ഉണ്ടായി രിക്കും.
2. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട എന്നീ ഭാഷകളിൽ ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്വെയർ പരീക്ഷ നടത്തുന്നതിനായി ലഭ്യമാക്കുന്നതാണ്.
3. പ്രായോഗിക പരീക്ഷയുടെ സമയം 60 മിനിട്ടായിരിക്കും (അദ്ധ്യാപകർ മൂല്യനിർണ്ണയ ത്തിനെടുക്കുന്ന സമയം ഇതിൽ ഉൾപ്പെടുന്നില്ല). വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് എടുക്കുന്ന സമയം സോഫ്റ്റ്വെയറിൽ കാണാവുന്നതാണ്.
4. ഐ.ടി പ്രായോഗിക, തിയറി പരീക്ഷകൾക്ക് പുനർമൂല്യനിർണയം ഉണ്ടായിരിക്കുന്നതല്ല.
5. പ്രായോഗിക പരീക്ഷയ്ക്ക് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സ്കോറിന് രഹസ്യ സ്വഭാവമുള്ളതിനാൽ പരീക്ഷാകേന്ദ്രത്തിൽ വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുള്ള സ്കോർ പ്രസിദ്ധപ്പെടുത്തുന്നതല്ല.

### (b) ആർട്ട് വിഷയങ്ങൾക്കുള്ള പ്രാക്ടിക്കൽ പരീക്ഷ

ആർട്ട് വിഷയങ്ങളിലെ പ്രാക്ടിക്കൽ പരീക്ഷ എഴുത്തു പരീക്ഷയ്ക്ക് ശേഷമായിരിക്കും നടത്തുന്നത്. പരീക്ഷാർത്ഥികൾ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിൽ നിന്നും പ്രാക്ടിക്കൽ പരീക്ഷയുടെ തീയതിയും സമയവും മുൻകൂട്ടി മനസ്സിലാക്കേണ്ടതാണ്.

## 4. എ.എച്ച്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2026 –സമയവിവരപ്പട്ടിക

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 05/03/2026 | വ്യാഴം | രാവിലെ 9.30 മുതൽ 11.45 വരെ | മലയാളം |
| 09/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 11.45 വരെ | ഇംഗ്ലീഷ് |
| 11/03/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.45 വരെ | ആർട്ട് വിഷയങ്ങൾ– തിയറി<br>കഥകളി വേഷം (വടക്കൻ/തെക്കൻ)<br>കഥകളി സംഗീതം /മൃദംഗം/ഡാൻസ്/<br>കൂടിയാട്ടം (ആൺ, പെൺ)/ ചെണ്ട/<br>തുള്ളൽ/കഥകളി/സംഗീതം/ മിഴാവ്/<br>തിമില/മദ്ദളം/ചുട്ടി/കർണ്ണാടക സംഗീതം |
| 13/03/2026 | വെള്ളി | രാവിലെ 9.30 മുതൽ 11.45 വരെ | ഹ്യൂമാനിറ്റിസ് |
| 16/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 11.45 വരെ | ഗണിതശാസ്ത്രം |
| 18/03/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.45 വരെ | ഹിന്ദി |
| 23/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 11.45 വരെ | ജനറൽ സയൻസ് |
| 25/03/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.45 വരെ | സംസ്കൃതം |
| 30/03/2025 | തിങ്കൾ | രാവിലെ 9.30 മുതൽ 11.45 വരെ | ലിറ്ററേച്ചർ |
| **I.T പ്രാക്ടിക്കൽ പരീക്ഷ 01/02/2026 മുതൽ 14/02/2026 വരെ** | | | |

## കുറിപ്പ്

**പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവയെ അടിസ്ഥാനമാക്കി എ.എച്ച്.എസ്.എൽ.സി പരീക്ഷയുടെ സമയക്രമത്തിൽ മാറ്റം ഉണ്ടാകാവുന്നതാണ്.**

***പ്രത്യേക ശ്രദ്ധയ്ക്ക്***

1. അംഗീകരിച്ചിട്ടുള്ള ഇന്ത്യൻ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
2. പരീക്ഷാ കമ്മീഷണറുടെ/സെക്രട്ടറിയുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല.
3. പരീക്ഷാ സമയവിവരപട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയവിവരപട്ടിക കർശനമായും പാലിക്കേണ്ടതാണ്.
4. എല്ലാ പരീക്ഷകൾക്കും ആരംഭത്തിലെ 15 മിനിറ്റ് ആശ്വാസ സമയമായിരിക്കും (Cool off Time).

## 5. ഗ്രേഡിങ്ങ് സ്കെയിൽ

| ഗ്രേഡ് | റേഞ്ച് | ഗ്രേഡ് വാല്യൂ | ഗ്രേഡ് പൊസിഷൻ |
|---|---|---|---|
| A+ | 90 ശതമാനം മുതൽ 100 ശതമാനം വരെ | 9 | Outstanding |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ | 8 | Excellent |
| B+ | 70 ശതമാനം മുതൽ 79 ശതമാനം വരെ | 7 | Very Good |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ | 6 | Good |
| C+ | 50 ശതമാനം മുതൽ 59 ശതമാനം വരെ | 5 | Above Average |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ | 4 | Average |
| D+ | 30 ശതമാനം മുതൽ 39 ശതമാനം വരെ | 3 | Marginal |
| D | 20 ശതമാനം മുതൽ 29 ശതമാനം വരെ | 2 | Need Improvement |
| E | 20 ശതമാനത്തിന് താഴെ | 1 | Need Improvement |

ഉന്നത വിദ്യാഭ്യാസത്തിനുള്ള അർഹത നേടുന്നതിന് ആർട്ട് വിഷയത്തിലെ പ്രാക്ടിക്കൽ പരീക്ഷയ്ക്ക് കുറഞ്ഞത് C+ ഗ്രേഡും മറ്റ് ഓരോ പേപ്പറിനും കുറഞ്ഞത് D+ ഗ്രേഡും നേടിയിരിക്കണം.

## 6 a. പരീക്ഷാഫീസ്

| | രൂപ |
|---|---|
| (എ) സ്കൂൾ ഗോയിംഗ് (SGC) | 30.00 |
| (ബി) പ്രൈവറ്റ് വിഭാഗം (ഒരു പേപ്പറിന്) | 20.00 |
| (സി) താമസിച്ച് ഒടുക്കുന്നതിനുള്ള പിഴ (ഫൈൻ) | 10.00 |
| (ഡി) സർട്ടിഫിക്കറ്റിന്റെ വില | 15.00 |
| (ഇ) ബെറ്റർമെന്റ് ഓഫ് റിസൾട്ട് വിഭാഗം | 200.00 |

പരീക്ഷാഫീസ് നിശ്ചിത തീയതിക്കുള്ളിൽ 0202-01-102-99 Examination Fee എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ വില 0202-01-102-92 other receipts എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

### b. പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കൽ

കേരള കലാമണ്ഡലം ഗവൺമെന്റ് എ.എച്ച്.എസ്.എസ്. ചെറുതുരുത്തി സ്കൂളിൽ നിന്നും എ.എച്ച്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന നിശ്ചിത കോഴ്സ് പൂർത്തിയാക്കിയ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള റഗുലർ വിഭാഗം വിദ്യാർത്ഥികളെ ഒന്നാം അവസരമായി പരീക്ഷയെഴുതുന്നതിന് പരീക്ഷാഫീസിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. (G.O.(Rt).No 3668/01/G.Edn., dated. 03-10-2001).

അറ്റൻഡൻസ് റീക്യൂപ്പ്ഡ് കാൻഡിഡേറ്റ്സ് (ARC), ബറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് (BT) എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് ഫീസിളവിന് അർഹത ഉണ്ടായിരിക്കുകയില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റ് അർഹതയുള്ള വിഭാഗത്തിൽപ്പെട്ടവരും (ഒ.ഇ.സി) ആയ വിദ്യാർത്ഥികൾ ആർട്ട് സ്ക്കൂൾ കോഴ്സ് പൂർത്തീകരിച്ച തീയതി മുതൽ 3 വർഷത്തിനുള്ളിൽ പരീക്ഷ എഴുതുന്ന 2 അവസരങ്ങൾക്ക് ഫീസ് ഒടുക്കേണ്ടതില്ല. (G.O.(MS) No.32/74/G.Edn. dated 18/02/1974).

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസില്ലാതെ അഞ്ചുവർഷം വരെ പരീക്ഷ എഴുതാവുന്നതാണ്. (G.O.(Rt) No.680/1981/G.Edn. dated 25/02/1981)

സ്കൂൾ മേധാവി പരീക്ഷാഫീസ് ശേഖരിച്ച് ട്രഷറിയിൽ ഒടുക്കേണ്ടതും ഒറിജിനൽ ചലാൻ, കാൻഡിഡേറ്റ്സ് ലിസ്റ്റിനോടൊപ്പം ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

## 7. പരീക്ഷാഫീസ് ഒടുക്കേണ്ടതും കാൻഡിഡേറ്റ് ലിസ്റ്റ് (എ, ബി, മറ്റ് ലിസ്റ്റുകൾ) സമർപ്പിക്കേണ്ടതുമായ തീയതികൾ

| | | | |
|---|---|---|---|
| (1) | അപേക്ഷയും പരീക്ഷാഫീസും പിഴ കൂടാതെ പരീക്ഷാകേന്ദ്രത്തിൽ സ്വീകരിക്കേണ്ട തീയതികൾ | : | 12/11/2025 മുതൽ 19/11/2025 വരെ |
| (2) | 19/11/2025 വരെ ലഭിച്ച ഫീസുകൾ ഖജനാവിൽ (ട്രഷറിയിൽ) ഒടുക്കേണ്ട തീയതി | : | 21/11/2025 |
| (3) | **പിഴയോടുകൂടി പരീക്ഷാഫീസും അപേക്ഷയും സ്വീകരിക്കേണ്ടതീയതികൾ** | : | **21/11/2025 മുതൽ 26/11/2025 വരെ** |
| (4) | **പിഴയോടുകൂടി ലഭിച്ചിട്ടുള്ള തുക ഖജനാവിൽ ഒടുക്കേണ്ടതീയതി** | : | **27/11/2025** |
| (5) | **എ.എച്ച്.എസ്.എൽ.സി കാർഡിന്റെ തുക സ്കൂൾ മേധാവി ഖജനാവിൽ ഒടുക്കേണ്ട അവസാന തീയതി:** | | **27/11/2025** |
| (6) | പരീക്ഷാർത്ഥികളുടെ വിവരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി (ARC, Private) | : | 27/11/2025 |
| (7) | കാൻഡിഡേറ്റ് ലിസ്റ്റ് (എ, ബി, മറ്റ് ലിസ്റ്റുകൾ) സമർപ്പിക്കേണ്ടതുമായ തീയതി | : | 27/11/2025 |

## 8. കാൻഡിഡേറ്റ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സിന്റെ വിവരങ്ങളും ഫോട്ടോയും സമ്പൂർണ്ണ - iExaMS സംയുക്ത സോഫ്റ്റ്‌വെയർ വഴി ശേഖരിക്കുന്നതാണ്. പരീക്ഷാ സോഫ്റ്റ്‌വെയറായ iExaMS-ൽ പ്രഥമാദ്ധ്യാപകനും ക്ലാസ്സ് ടീച്ചർമാർക്കും പ്രത്യേകം ലോഗിനുകൾ ഉണ്ടാകും. റഗുലർ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ക്ലാസ്സ് ടീച്ചർ ലോഗിനിലെ PRE EXAMINATION MENU വിലെ Candidate Details (Regular) എന്ന ലിങ്കിലൂടെ അഡ്മിഷൻ നമ്പർ നൽകിയാൽ ലഭിക്കുന്നതാണ്. വിദ്യാർത്ഥിയുടെ പ്രാദേശിക ഭാഷയിലുള്ള പേര് ടൈപ്പ് ചെയ്ത് നൽകി രജിസ്ട്രേഷൻ പൂർത്തീകരിക്കാവുന്നതാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥി കളുടെ സർട്ടിഫിക്കറ്റിൽ വരുന്ന വിവരങ്ങൾ Check List ആയി പ്രിന്റ് എടുത്ത് കൃത്യത ഉറപ്പുവരു ത്തുന്നതിനായി പ്രഥമാദ്ധ്യാപകൻ രക്ഷകർത്താക്കൾക്ക് നൽകേണ്ടതാണ്. രക്ഷകർത്താക്കളിൽ നിന്നും സാധുത ഉറപ്പാക്കി ലഭിക്കുന്ന വിദ്യാർത്ഥി വിവരങ്ങൾ HM ലോഗിനിലൂടെ വെരിഫിക്കേ ഷൻ പൂർത്തീകരിച്ച ശേഷമാണ് പരീക്ഷയുടെ തുടർ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത്.

പരീക്ഷാകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികളുടെ വിവരങ്ങൾ സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തുമ്പോൾ ഓരോ വിദ്യാർത്ഥിയുടെയും മുൻവർഷങ്ങളിൽ പരീക്ഷ എഴുതിയ രജിസ്റ്റർ നമ്പരും വർഷവും കൃത്യമായി നൽകേണ്ടതാണ്. മുഴുവൻ അവസരങ്ങളു ടെയും വിവരങ്ങൾ അപേക്ഷയിൽ നൽകാത്തവർക്ക് പരീക്ഷ എഴുതുവാൻ അർഹതയുണ്ടാ യിരിക്കുന്നതല്ല.

പരീക്ഷാസോഫ്റ്റ്‌വെയറിലൂടെയുള്ള രജിസ്ട്രേഷനും അനുബന്ധ പ്രവർത്തനങ്ങളും സംബന്ധിച്ച വിശദനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള USER MANUAL പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

## 9. ആബ്സെന്റീസ് സ്റ്റേറ്റ്മെന്റ് & ആൻസർഷീറ്റ് ഡെസ്പാച്ച് ഡീറ്റെയിൽസ് എൻട്രി

ഓരോ പരീക്ഷ കഴിയുമ്പോഴും പരീക്ഷയ്ക്ക് പങ്കെടുക്കാതിരുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ (Absentees entry) ഓൺലൈനായി iExaMS മുഖേന രേഖപ്പെടുത്തേണ്ടതും, എല്ലാ പരീക്ഷകളും കഴിഞ്ഞ ശേഷം കൺസോളിഡേറ്റഡ് ആബ്സെന്റീസ് ഷീറ്റ് iExaMS-ൽ പ്രിന്റ് എടുത്ത് ജില്ലാവിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കേണ്ടതുമാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എല്ലാ പരീക്ഷാകേന്ദ്രങ്ങളിലേയും ആബ്സെന്റീസ് സ്റ്റേറ്റുമെന്റ് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തി ആഫീസിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ആബ്സെന്റീസ് വിവരം ചീഫ് സൂപ്രണ്ട് യഥാസമയം ഓൺലൈൻ എൻട്രി നടത്തേണ്ടതാണ്. അല്ലാത്ത പക്ഷം കർശന നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

പരീക്ഷാകേന്ദ്രത്തിൽ നിന്ന് ക്യാമ്പുകളിലേയ്ക്ക് അയക്കുന്ന പേപ്പറുകളുടെ വിവരങ്ങൾ അതാതു ദിവസം iExaMS-ലെ HM ലോഗിനിലെ Answer Script Despatch Details Entry ലിങ്കിലൂടെ രേഖപ്പെടുത്തേണ്ടതാണ്. ആബ്സന്റീസ് എൻട്രിയും Answer Script Despatch Details Entry യും സൂക്ഷമതയോടെ അതാത് ദിവസം തന്നെ രേഖപ്പെടുത്തേണ്ടത് ചീഫ് സൂപ്രണ്ടുമാരുടെ ഉത്തരവാദിത്വമാണ്.

## 10. പരീക്ഷാർത്ഥിത്വം റദ്ദാക്കൽ

ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷയും പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ സമ്മതമാണെന്ന വിദ്യാർത്ഥിയുടെയും രക്ഷിതാവിന്റെയും സമ്മതപത്രവും പ്രഥമാദ്ധ്യാപകന് സമർപ്പിക്കേണ്ടതാണ് (ഫാറം അനുബന്ധം 'C' ആയി നൽകിയിരിക്കുന്നു). പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ ലഭിക്കുന്ന അപേക്ഷകൾ നിർദ്ദിഷ്ട തീയതിക്കുള്ളിൽ **iExaMS** ലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അർഹരായവർക്കുള്ള പരീക്ഷാർത്ഥിത്വം റദ്ദാക്കികൊണ്ടുള്ള ഉത്തരവ് HM ലോഗിനിൽ ലഭ്യമാക്കുന്നതാണ്.

**ഐ.ടി പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ കഴിയുന്നതല്ല.**

**കുറിപ്പ്**

**എ.എച്ച്.എസ്.എൽ.സി പരീക്ഷയോടനുബന്ധിച്ചുള്ള നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്ക് പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവ അടിസ്ഥാനമാക്കി മാറ്റം ഉണ്ടാകാവുന്നതാണ്.**

## 11. അഡ്മിഷൻ ടിക്കറ്റ് വിതരണം

- റഗുലർ വിദ്യാർത്ഥികളുടെ ഫോട്ടോയോടു കൂടിയ അഡ്മിഷൻ ടിക്കറ്റുകൾ ഓൺലൈൻ വഴി ചീഫ് സൂപ്രണ്ടിന് ലഭിക്കുന്നതാണ്.
- പരീക്ഷ ആരംഭിക്കുന്നതിന് മൂന്നു ദിവസം മുമ്പെങ്കിലും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് നൽകേണ്ടതാണ്.
- അഡ്മിഷൻ ടിക്കറ്റ് നൽകുന്നതു സംബന്ധിച്ച് ഒരു രജിസ്റ്റർ ചീഫ് സൂപ്രണ്ട് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 12. ഉത്തരക്കടലാസുകളുടെ സൂക്ഷ്മ പരിശോധനയും, ഫോട്ടോകോപ്പിയും, പുനർമൂല്യനിർണയവും

1) മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷ (അനുബന്ധം ബി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. അപേക്ഷ പരീക്ഷ സെന്ററിലെ ചീഫ് സൂപ്രണ്ടിന് നൽകേണ്ടതാണ്. സൂക്ഷ്മപരിശോധനയ്ക്ക് ഒരു പേപ്പറിന് 50/- രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്.

2) മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പി ലഭിക്കുന്നതിനുള്ള അപേക്ഷ (അനുബന്ധം ബി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. അപേക്ഷ പരീക്ഷ സെന്ററിലെ ചീഫ് സൂപ്രണ്ടിന് നൽകേണ്ടതാണ്. ഫോട്ടോകോപ്പി ലഭിക്കുന്നതിന് ഒരു പേപ്പറിന് 200/- രൂപ ഫീസായി നിശ്ചയിച്ചിരിക്കുന്നു.

3) ഉത്തരക്കടലാസുകൾ (തിയറി വിഷയങ്ങൾക്ക് മാത്രം) പുനർമൂല്യനിർണ്ണയം നടത്തുന്നതിനുള്ള അപേക്ഷ (അനുബന്ധം ബി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. അപേക്ഷ പരീക്ഷ എഴുതിയ സെന്ററിലെ ചീഫ് സൂപ്രണ്ടിന് നൽകേണ്ടതാണ്. പുനർമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്. പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് പുതുതായി ലഭിച്ച ഗ്രേഡുകൾ ഉൾപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സ്കൂൾ മേധാവി മുഖാന്തിരം വിതരണം ചെയ്യുന്നതാണ്. പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ഫീസായി നൽകിയ തുക തിരികെ ലഭിക്കുന്നതാണ്.

(4) ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയം, സൂക്ഷ്മ പരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്കുവേണ്ടി സ്വീകരിക്കുന്ന ഫീസിൽ നിന്നും പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് തുക തിരികെ നൽകിയതിനുശേഷം ബാക്കിയുള്ള തുക "0202-01-102-92 അദർ റസീപ്റ്റ്സ്" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ചെലാന്റെ ഫോട്ടോകോപ്പിയും സ്റ്റേറ്റുമെന്റും പരീക്ഷാഭവനിലേക്ക് അയച്ചുതരേണ്ടതാണ്.

(5) സൂക്ഷ്മ പരിശോധന, ഫോട്ടോകോപ്പി, പുനർമൂല്യനിർണയം, എന്നിവയുടെ ഫീസ് പണമായി അപേക്ഷയോടൊപ്പം കലാമണ്ഡലം സ്കൂളിലെ പ്രിൻസിപ്പാളിനെ ഏൽപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(6) എ+ ഗ്രേഡ് ലഭിക്കുന്ന വിഷയങ്ങൾക്കും പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്.

## 13. ക്രമക്കേടുകൾ

പരീക്ഷാവേളയിൽ ഏതെങ്കിലും പരീക്ഷാർത്ഥി ക്രമക്കേടുകൾ ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ പരീക്ഷാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും പുറത്താക്കുകയും തുടർന്നുള്ള പരീക്ഷകൾ എഴുതാൻ അനുവദിക്കുന്നതുമല്ല. അടുത്തിരിക്കുന്ന വിദ്യാർത്ഥിയുടെ പരീക്ഷാപേപ്പർ നോക്കി എഴുതുക, മറ്റു കുട്ടികൾക്ക് കണ്ടെഴുതുവാൻ സൗകര്യം നൽകുക, പരീക്ഷാ സമയത്ത് അന്യോന്യം സംസാരിക്കുക, എഴുതിയതോ അച്ചടിച്ചതോ ആയ കടലാസുകളുമായി പരീക്ഷാഹാളിനകത്ത് പ്രവേശിക്കുക തുടങ്ങിയ പ്രവൃത്തികൾ ശിക്ഷാർഹമാകുന്നു. പരീക്ഷ നടന്നു കൊണ്ടിരിക്കുമ്പോൾ ഹാളിനകത്തോ, സ്കൂൾ പരിസരത്തോ ഏതെങ്കിലും വിദ്യാർത്ഥി പരീക്ഷാ നടത്തിപ്പിന് വിഘാതമായി പെരുമാറുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്തതായി പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് ബോധ്യമായാൽ പ്രസ്തുത വിദ്യാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്കു കൽപ്പിക്കാവുന്നതാണ്. പരീക്ഷാക്രമക്കേടിനെ തുടർന്ന് പരീക്ഷയിൽ നിന്നും പുറത്താക്കിയ വിദ്യാർത്ഥിയെ തുടർന്നുള്ള

വർഷങ്ങളിലെ പരീക്ഷ എഴുതുന്നതിൽ നിന്നും നിശ്ചിത വർഷത്തേയ്ക്ക് വിലക്ക് കൽപ്പിക്കുന്നതിനുള്ള തീരുമാനം ബന്ധപ്പെട്ട അധികാരിയിൽ നിക്ഷിപ്തമാണ്.

## 14. എ.എച്ച്.എസ്.എൽ.സി.കാർഡുകളുടെ വിതരണം

(1) **ഗ്രേഡ് രേഖപ്പെടുത്തിയ എ.എച്ച്.എസ്.എൽ.സി കാർഡുകൾ വിതരണം ചെയ്യുന്നതിനായി സ്കൂളിലേക്ക് അയച്ചു കൊടുക്കുന്നതാണ്. വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ എ.എച്ച്.എസ്.എൽ.സി കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല.** ഇക്കാര്യം പരീക്ഷാ സെക്രട്ടറിയെ സ്കൂൾ മേധാവി ബന്ധപ്പെട്ട രേഖകൾ സഹിതം സത്വരമായി അറിയിക്കേണ്ടതും വിതരണം ചെയ്യാൻ സാധിക്കാത്ത സർട്ടിഫിക്കറ്റുകൾ മടക്കി നൽകി ശരിയായ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എ.എച്ച്.എസ്.എൽ.സി സർട്ടിഫിക്കറ്റ് വിതരണം **iExaMS** ലൂടെ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്.

(2) എ.എച്ച്.എസ്.എൽ.സി കാർഡ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനു മുൻപ് സ്കൂൾ മേധാവി സർട്ടിഫിക്കറ്റിലെ വിവരങ്ങൾ ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ എ.എച്ച്.എസ്.എൽ.സി കാർഡിന്റെ ഫോട്ടോകോപ്പി എടുത്ത് സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്. **സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനു മുമ്പായി സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ വിദ്യാർത്ഥിയുടെ കൈയൊപ്പ്** വാങ്ങേണ്ടതാണ്. കാർഡിന്റെ വിവരശേഖരണ ഭാഗത്ത് അടിയിലായി സ്കൂൾ മേധാവിയുടെ ഒപ്പ് **കറുത്ത മഷിയിൽ** പതിക്കേണ്ടതാണ്. പേരും ഔദ്യോഗിക മേൽവിലാസവും രേഖപ്പെടുത്തി സ്ഥാപനത്തിന്റെ മുദ്ര കൂടി പതിച്ചുവേണം കാർഡുകൾ പരീക്ഷാർത്ഥികൾക്കു നൽകേണ്ടത്.

(3) **സർട്ടിഫിക്കറ്റിൽ ഒപ്പിടുന്നത് കറുത്ത മഷിയിലായിരിക്കണം. പച്ച മഷി ഉപയോഗിക്കുവാൻ പാടുള്ളതല്ല. അത്തരം സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായി കണക്കാക്കുന്നതാണ്.**

(4) **എ.എച്ച്.എസ്.എൽ.സി കാർഡുകൾ ലാമിനേറ്റ് ചെയ്യുവാനോ പ്ലാസ്റ്റിക് കവറിൽ സൂക്ഷിക്കുവാനോ പാടുള്ളതല്ല.**

## 15. സ്കോർ വിവരം അറിയുന്നതിന്

പരീക്ഷയ്ക്ക് ലഭിച്ച സ്കോർ വിവരം യാതൊരു കാരണവശാലും പരീക്ഷാർത്ഥികൾക്ക് നൽകുന്നതല്ല. എന്നാൽ ഉപരിപഠനത്തിനു പോകുന്നവർക്ക് പ്രവേശനത്തിനായി എ.എച്ച്.എസ്.എൽ.സി പരീക്ഷയിൽ ലഭിച്ച സ്കോർ ആവശ്യമുണ്ടെങ്കിൽ വെള്ളപേപ്പറിൽ എഴുതിയ അപേക്ഷയും സർട്ടിഫിക്കറ്റിന്റെ പകർപ്പും 100/- രൂപയുടെ പരീക്ഷാ സെക്രട്ടറിയുടെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റും സഹിതം സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ അപേക്ഷിച്ചാൽ ചേരാനുദ്ദേശിക്കുന്ന സ്ഥാപനമേധാവിക്ക് രഹസ്യമായി സ്കോർ വിവരം അയച്ചുകൊടുക്കുന്നതാണ്. ജോലിയുടെ ആവശ്യത്തിനും ഇതുപോലെ സ്കോർ വിവരം അറിയിക്കുന്നതാണ്. പരീക്ഷ എഴുതി രണ്ടു വർഷം കഴിഞ്ഞവർക്ക് 200 രൂപയുടെ ഡി.ഡി അടച്ച് അപേക്ഷ സമർപ്പിച്ചാൽ ലഭിച്ച സ്കോർ അപേക്ഷകന് നേരിട്ട് നൽകുന്നതാണ്. സൂചന 2 – ലെ സർക്കാർ ഉത്തരവ് പ്രകാരം എ.എച്ച്.എസ്.എൽ.സി ഫലം പ്രഖ്യാപിച്ച് മൂന്ന് മാസങ്ങൾക്ക് ശേഷം പരീക്ഷാ സെക്രട്ടറിയുടെ പേരിൽ 500/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം പരീക്ഷാഭവനിൽ നേരിട്ടോ, പ്രഥമാധ്യാപകർ മുഖേനയോ അപേക്ഷ സമർപ്പിക്കുന്ന പരീക്ഷാർത്ഥികൾക്ക് മാർക്ക് വിവരം നൽകുന്നതാണ്.

## 16. മൈഗ്രേഷൻ സർട്ടിഫിക്കറ്റ്

എ.എച്ച്.എസ്.എൽ.സി പത്താം ക്ലാസ് പരീക്ഷ പാസ്സായവർക്ക് മറ്റു സംസ്ഥാനങ്ങളിൽ തുടർ പഠനം നടത്തുന്നതിന് ആവശ്യമായ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് പരീക്ഷാഭവനിൽ നിന്ന് നൽകുന്നതാണ്. ഇതിനായി നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ 50/- രൂപ ചെലാനും (0202–01–102–92 അദർ റസീപ്റ്റ്സ്) ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതം അപേക്ഷിക്കേണ്ടതാണ്.

പരീക്ഷാർത്ഥികൾ പരീക്ഷാ സംബന്ധമായ ഇപ്പോൾ നിലവിലുള്ള എല്ലാ നിയമങ്ങളും വ്യവസ്ഥകളും പാലിക്കാൻ ബാധ്യസ്ഥരാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

പരീക്ഷാ കമ്മീഷണർ

## അനുബന്ധം - എ

### എ.എച്ച്.എസ്.എൽ.സി പരീക്ഷ - മാർച്ച് 2026
### അപേക്ഷാഫാറം [PVT/ARC/BT]

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സെന്റർ കോഡും :
2. പരീക്ഷാർത്ഥിയുടെ പേര് :
3. ആൺകുട്ടി/ പെൺകുട്ടി :
4. മേൽവിലാസം ഫോൺ നമ്പർ :
5. മതവും ജാതിയും :
6. ഫീസിളവിന് അർഹതയുണ്ടോ? എങ്കിൽ ഏത് വിഭാഗം :
7. ജനനത്തീയതി :
8. രക്ഷകർത്താവിന്റെ പേര് :
9. പഠന മാധ്യമം :
10. പരീക്ഷ എഴുതുന്ന സ്കീം-Old :
11. പരീക്ഷ എത്രാമത്തെ തവണയാണ് എഴുതുന്നത് :
12. ഉപരിപഠനത്തിന് അർഹത ലഭിക്കാത്ത എത്ര പേപ്പറുകളുണ്ട് :
13. പരീക്ഷ എഴുതുന്ന പേപ്പറുകളുടെ വിവരം

| ക്രമ നമ്പർ | പേപ്പറിന്റെ പേര് | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

14. മുൻപ് പരീക്ഷ എഴുതിയ മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ

| ക്രമ നം | രജിസ്റ്റർ നമ്പർ | വർഷം |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |

15. ജയിച്ച എല്ലാ പേപ്പറുകളുടേയും വിവരങ്ങൾ

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | വർഷം | വിഷയം | ലഭിച്ച ഗ്രേഡ് |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |
| 8 | | | | |
| 9 | | | | |
| 10 | | | | |

16. പരീക്ഷാഫലം മെച്ചപ്പെടുത്തുന്നതിനാണോ അപേക്ഷിക്കുന്നത് : അതേ / അല്ല

17. എ.ആർ.സി വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ ഈ വർഷം ആവശ്യമായ ഹാജർ നേടിയിട്ടുണ്ടോ? : ഉണ്ട്/ ഇല്ല

18. ഫീസ് ഒടുക്കിയതിന്റെ വിവരം

| ഫീസ് | പിഴ | എ.എച്ച്.എസ്.എൽ.സി കാർഡിന്റെ വില | ആകെ | തുക ഒടുക്കിയതിന്റെ വിവരം |
|---|---|---|---|---|
| | | | | |

19. മറ്റു വിവരങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ :

മേൽപ്പറഞ്ഞിട്ടുള്ള വസ്തുതകൾ സത്യമാണ്. മുൻപ് പരീക്ഷ എഴുതിയ എല്ലാ അവസരങ്ങളിലേയും വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

സ്ഥലം:
തീയതി:

<u>അനുബന്ധം - എ1</u>

**എ.എച്ച്.എസ്.എൽ.സി പരീക്ഷ - മാർച്ച് 2026**
**പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുളള സർട്ടിഫിക്കറ്റ്**
(ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ/പരീക്ഷാർത്ഥി പഠിച്ചിരുന്ന ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകർ/
തുടങ്ങിയവർക്ക് ഈ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്താവുന്നതാണ്)

ഫോട്ടോ
പതിക്കുക

തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ ഫോട്ടോയുടെ പുറത്ത് ഒപ്പിടേണ്ടതാണ്. ഫോട്ടോയിൽ റബ്ബർ സ്റ്റാമ്പ് പതിക്കുവാൻ പാടില്ല

1. പരീക്ഷാർത്ഥിയുടെ പേര് :

2. ജനനതീയതി :

3. പൂർണ്ണമായ മേൽവിലാസം :

4. സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ പേരും ഉദ്യോഗപ്പേരും വിലാസവും :

5. പരീക്ഷാർത്ഥിയുടെ ഒപ്പ് :
(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ വച്ച് ഒപ്പ് ഇടേണ്ടതാകുന്നു)

2026 മാർച്ചിലെ എ.എച്ച്.എസ്.എൽ.സി പരീക്ഷാർത്ഥിയായ ..................................................................................
.................................................................................................................................................... ന്റെ/യുടെ ഒപ്പും
ഫോട്ടോയും ഞാൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ഓഫീസ് മുദ്ര

**തിരിച്ചറിയൽ സർട്ടിഫിക്കറ്റ്**
**നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്**

സ്ഥലം :

തീയതി :

# അനുബന്ധം – ബി

## എ.എച്ച്.എസ്.എൽ.സി പരീക്ഷ – മാർച്ച് 2026

## അപേക്ഷാഫാറം (ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി, പുനർമൂല്യനിർണ്ണയം)

1. രജിസ്റ്റർ നമ്പർ :

2. പരീക്ഷാർത്ഥിയുടെ പേര് :

3. മേൽവിലാസം :
   ഫോൺ നമ്പർ

4. പരീക്ഷാ കേന്ദ്രത്തിന്റെ പേരും :
   സെന്റർ കോഡും

5. പഠന മാധ്യമം :

6. പരീക്ഷാ പേപ്പറുകളുടെ വിവരം

| ക്രമ നമ്പർ | വിഷയം | ലഭിച്ച ഗ്രേഡ് | ഏതൊക്കെ വിഭാഗത്തിന് അപേക്ഷ നൽകിയിട്ടുണ്ട് (X ചിഹ്നം രേഖപ്പെടുത്തുക) | | | ഫീസ് ഒടുക്കിയത് |
|---|---|---|---|---|---|---|
| | | | സൂക്ഷ്മ പരിശോധന (Rs. 50) | ഫോട്ടോകോപ്പി (Rs. 200) | പുനർമൂല്യ നിർണ്ണയം (Rs. 400) | |
| 1 | | | | | | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | | | | | |

7. പരീക്ഷാകേന്ദ്രത്തിൽ ഫീസ് ഒടുക്കിയതിന്റെ വിവരം

| രസീതി നമ്പർ | തീയതി | തുക | | | ആകെ |
|---|---|---|---|---|---|
| | | സൂക്ഷ്മപരിശോധന | ഫോട്ടോകോപ്പി | പുനർമൂല്യനിർണ്ണയം | |
| | | | | | |

സ്ഥലം :
തീയതി :

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

കുറിപ്പ്: നിശ്ചിത ഫീസ് പണമായി സ്കൂൾ മേധാവിയെ ഏൽപ്പിക്കേണ്ടതാണ്.

## <u>അനുബന്ധം – സി</u>

## എ.എച്ച്.എസ്.എൽ. സി. പരീക്ഷ മാർച്ച് – 2026

### പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള അപേക്ഷ

### (Application for Cancellation of Candidature)

1. സെന്റർ നമ്പർ [ ] 2. വിദ്യാഭ്യാസ ജില്ല [ ]

3. പരീക്ഷാർത്ഥിയുടെ പേര് :

4. പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ :

5. സ്കൂളിന്റെ പേര് :

6. പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള കാരണം :

7. കാരണം തെളിയിക്കുന്നതിന് സമർപ്പിക്കുന്ന രേഖകൾ :

8. പരീക്ഷാർത്ഥിയെ റോളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ?

9. ഉണ്ടെങ്കിൽ നീക്കം ചെയ്ത തീയതിയും കാരണവും :

10. പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ സമ്മതമാണെന്ന വിദ്യാർത്ഥിയുടെയും രക്ഷിതാവിന്റെയും സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടോ :

11. മറ്റെന്തെങ്കിലും വിവരങ്ങൾ

**മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണ്. ആയതിനാൽ പരീക്ഷാർത്ഥിത്വം റദ്ദാക്കണമെന്ന് അപേക്ഷിക്കുന്നു.**

രക്ഷകർത്താവിന്റെ പേര് ഒപ്പ് :

### <u>ഓഫീസ് ഉപയോഗത്തിന്</u>

പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതിനുള്ള അപേക്ഷയും സമ്മതപത്രവും പരിശോധിച്ച് മേൽ പ്രസ്താവിച്ചവ സത്യമാണെന്ന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

സ്ഥലം :

തീയതി: സ്കൂൾ സീൽ **പ്രധമാധ്യാപകന്റെ ഒപ്പ്**

**<u>IT പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ സാധിക്കുന്നതല്ല.</u>**